"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - ജയിൽ വകുപ്പിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി റീസയുടെ നോർക്ക-റൂട്ട്സിന്റെ ബംഗ്ലൂരുവിലുള്ള നോർക്ക സാറ്റലൈറ്റ് ഓഫീസിൽ ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയിലെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.310/2024/NORKA തീയതി,തിരുവനന്തപുരം, 03-04-2024

പരാമർശം:-

1. 15.11.2022 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 818/2022/നോർക്ക.
2. 27.06.2023 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 484/2023/നോർക്ക.
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലുടെ 29.02.2024 തീയതിലെ E1 -25883/2022/PrHQ നമ്പർ കത്ത്.
4. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04.03.2024 തീയതിയിലെ റൂട്ട്സ്/479/2022-എൻ.ആർ.ഡി.1 നമ്പർ കത്ത്.

**ഉത്തരവ്**

ജയിൽ വകുപ്പിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി റീസയെ നോർക്ക-റൂട്ട്സിന്റെ ബംഗ്ലൂരുവിലുള്ള നോർക്ക സാറ്റലൈറ്റ് ഓഫീസിൽ ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയിൽ, അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി, പുതിയ ആളെ നിയമിക്കുന്നതുവരെയോ, ആറുമാസക്കാലമോ ഏതാണോ ആദ്യം വരുന്നത് അത്രയും കാലയളവിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിനെ തുടർന്ന് പരാമർശം (2) പ്രകാരം ടിയാളുടെ അന്യത്രസേവന കാലയളവ്, 19.05.2023 തീയതി മുതൽ ഒരു വർഷത്തേയ്ക്കോ പകരം ആൾ വരുന്നതു വരെയോ, ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കാലയളവ് 18.05.2024 തീയതിയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ 19.05.2024 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകണമെന്ന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജയിൽ വകുപ്പിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി റീസയെ നോർക്ക-റൂട്ട്സിന്റെ ബംഗ്ലൂരുവിലുള്ള നോർക്ക സാറ്റലൈറ്റ് ഓഫീസിൽ ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയിൽ, നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്ക്

വിധേയമായി, 19.05.2024 തീയതി മുതൽ ഒരു വർഷത്തേക്കോ പകരം ആൾ വരുന്നതു വരെയോ, ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജയൻ ഭട്ടതിരി ടി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ആസ്ഥാന കാര്യാലയം, ജയിൽ വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം - 12.
ശ്രീമതി റീസ, സൂനിയർ സൂപ്രണ്ട്, ജയിൽ വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം (നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
വിവരം-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Githin S V
Date: 03-04-2024 16:40:32
സെക്ഷൻ ഓഫീസർ